(ബി) ഇല്ല. കെ.എ.പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ പി.എസ്.സി.- യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച പോലീസ് കോൺസ്റ്റബിൾമാർ പരിശീലനം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് അറ്റാച്ച് ചെയ്തവരെ കെ.എ.പി. I-ാം ബറ്റാലിയനിലേക്ക് മാറ്റുന്നതായിരിക്കും.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) കെ.എ.പി.-4-ാം ബറ്റാലിയനിൽ നിലവിലുണ്ടായിരുന്ന 419 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതനുസരിച്ച് 419 പേർക്ക് നിയമന ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.

എറണാകുളം കെ.എ.പി. (1)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റ്

263 (2138) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-2-2014-ൽ നിലവിൽ വന്ന എറണാകുളം ജില്ലയിലെ K.A.P - (I)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ;

(ബി) നിലവിലുള്ള ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എത്ര പേർക്ക് കൂടി നിയമന ശിപാർശ നല്കുവാൻ കഴിയും എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 117 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽനിന്നും അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്ക് നിയമന ശിപാർശ നൽകുന്നതാണ്.

ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

264 (2139) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും ; ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയർ സ്റ്റേഷനുകൾ നിലവിലുണ്ടോ :

(സി) ആകെ എത്ര ജീവനക്കാരുടെ തസ്തികകളാണ് ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്നത് :

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 107 ഫയർ സ്റ്റേഷനുകളുണ്ട്. വാണിജ്യ വ്യവസായ ശാലകളുടെ സാന്നിദ്ധ്യം, ജനസംഖ്യ, ഫയർ കോളുകളുടെയും ഇൻസിഡന്റ് കോളുകളുടെയും എണ്ണം കേന്ദ്ര സർക്കാർ ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തുന്ന പഠന റിപ്പോർട്ട്, സർക്കാർ പുറപ്പെടുവിച്ച മുൻഗണനാപട്ടിക എന്നിവയുടെ അടിസ്ഥാനത്തിലുമാണ് ഫയർ സ്റ്റേഷനുകൾ അനുവദിച്ചു വരുന്നത്. എന്നാൽ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നു.

(ബി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള എല്ലാ ഫയർ സ്റ്റേഷനുകളും പ്രവർത്തനമാരംഭിച്ചത്.

(സി) 1347 തസ്തികകൾ.

(ഡി) ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാറുണ്ട്. സ്ഥാനക്കയറ്റം മുഖേന നികത്താൻ കഴിയുന്ന ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നാട്ടിക-വലപ്പാട് ഫയർ സ്റ്റേഷൻ

265 (2140) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ചതും നാട്ടിക മണ്ഡലത്തിൽ വലപ്പാട് റവന്യൂ വകുപ്പ് കൈമാറിയതുമായ സ്ഥലത്ത് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത ശിലാസ്ഥാപനം നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly